**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 684** **28.02.2018-ന് മറുപടിയ്ക്ക്**

**വനവിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി**

**ചോദ്യം**

**ശ്രീ. അനൂപ് ജേക്കബ്**

**മറുപടി**

**ശ്രീ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വനവിസ്തൃതി ഏറ്റവും കുറഞ്ഞ ജില്ലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ, കോട്ടയം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് |
| (ബി) | പ്രസ്തുത ജില്ലകളിൽ കൂടുതൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കി വനവിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത ജില്ലകളിൽ കൂടുതൽ മരം നടീൽ പദ്ധതികൾ നടപ്പിലാക്കി വൃക്ഷാവരണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സാമൂഹ്യ വനവൽക്കരണ പദ്ധതിക്കുവേണ്ടി എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ-5-ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യ നിരക്കിൽ വൃക്ഷത്തൈകൾ വിതരണം ചെയ്തു വരുന്നുണ്ട്. എന്റെമരം, നമ്മുടെ മരം പദ്ധതി പ്രകാരവും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തു വരുന്നു. വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി ഔഷധതോട്ടം, നക്ഷത്രവനം എന്നീ പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കി വരുന്നു. വനമിത്ര അവാർഡ്, കാവ്സംരക്ഷണം, സ്വകാര്യ സ്ഥലത്തെ വൃക്ഷവൽക്കരണം, കണ്ടൽ വച്ചുപിടിപ്പിക്കാൻ സാമ്പത്തിക സഹായം തുടങ്ങിയവയും നൽകുന്നു. വഴിയോര തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി കൂടുതൽ വൃക്ഷത്തൈകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വച്ചു പിടിപ്പിക്കുന്ന പ്രവൃത്തികളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ